# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 285 — 08/11/2019-ൽ മറുപടിയ്ക്ക്

## ലൈഫ് മിഷൻ പദ്ധതി പ്രവർത്തനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റോഷി അഗസ്റ്റിൻ<br>,, സി.എഫ്.തോമസ്<br>,, പി.ജെ.ജോസഫ്<br>,, മോൻസ് ജോസഫ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ലൈഫ് മിഷൻ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും വിശദമാക്കാമോ; | എ) | സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ലൈഫ് മിഷൻ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും അനുബന്ധമായി ചേർക്കുന്നു. |
| ബി) | നിർമ്മാണച്ചെലവിൽ ഉണ്ടായിരിക്കുന്ന ഗണ്യമായ വർദ്ധനവ് കാരണം പദ്ധതിക്ക് അനുവദിച്ചിരിക്കുന്ന ധനസഹായം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) | നിർമ്മാണ ചെലവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഈ വർദ്ധനവ് ലൈഫ് മിഷൻ ഭവന പദ്ധതിയെ ബാധിക്കാതിരിക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ മിഷൻ സ്വീകരിച്ചിട്ടുണ്ട്.<br>(1) ലൈഫ് മിഷൻ ഗുണഭോക്താക്കളെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ കാർഡ് നൽകുന്നതിനും 90 ദിവസത്തെ തൊഴിൽ ദിനം നൽകുന്നതിനും അതുവഴി 27,000 രൂപയോളം ഗുണഭോക്താവിന് അധികമായി ലഭ്യമാക്കുന്നു.<br><br>(2) വീട് നിർമ്മാണത്തിന് ആവശ്യമായ പെയിന്റ്, സാനിറ്ററി ഐറ്റംസ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, വാട്ടർടാങ്ക്, സിമെന്റ് തുടങ്ങിയ സാധനങ്ങൾ പ്രമുഖ സ്ഥാപനങ്ങളായ സറെ. ജീറ്റ്, പ്യാരീവെയർ, ലെഗ്രാന്റ്, വീഗാർഡ്, വിപ്രോ, ബോൺട്ടൺ കേബിൾസ്, ഏഷ്യൻ പെയിന്റ്സ്, നേരോലാക്ക്, വാൾമാക്സ്, ഇന്റോ ഏഷ്യൻ, ഹൈക്കൗണ്ട് സ്റ്റാർ പൈപ്പ്സ്, മലബാർ സിമെന്റ്സ്, എന്നീ കമ്പനികൾ 20%-60% വരെ വിലകുറച്ച് ഗുണഭോക്താക്കൾക്ക് നൽകുന്നു. |

| | | | |
|---|---|---|---|
| സി) | ഭൂമിയില്ലാത്തവർക്ക് ഭൂമി കണ്ടെത്തുന്ന രീതിക്ക് പകരമായി സർക്കാർ പുറമ്പോക്ക് കണ്ടെത്തി ഗുണഭോക്താക്കൾക്ക് നൽകുന്ന കാര്യം പരിശോധിക്കുമോ; | സി) | ഭൂമിയില്ലാത്തവർക്ക് വേണ്ടി വിവിധ മാർഗ്ഗങ്ങളിൽ ഭൂമി കണ്ടെത്തുന്നതിനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. ഇതിൽ സർക്കാർ പുറമ്പോക്ക് ഭൂമിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമിയും സ്വകാര്യ മേഖലയിൽ നിന്നും ലഭ്യമാകുന്ന ഭൂമിയും ഉൾപ്പെടുന്നു. ഇത്തരത്തിൽ ഭൂമി കണ്ടെത്താൻ സാധ്യമല്ലാത്ത സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങളിലൂടെ സ്ഥലം വിലയ്ക്ക് വാങ്ങുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | ഗുണഭോക്തൃ ലിസ്റ്റിൽ അനർഹർ കടന്നുകൂടുന്നത് തടയുവാൻ എന്ത് മുൻകരുതലാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | 2017 - ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെയാണ് ലൈഫ് ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളത്. 31.07.2017 - ലെ സ.ഉ (എം.എസ്) നം. 151/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. ടി മാനദണ്ഡ പ്രകാരം കണ്ടെത്തിയവരിൽ 9 ക്ലേശ ഘടകങ്ങൾ കൂടി പരിശോധിച്ചാണ് അർഹരായവരുടെ അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ഇത്തരത്തിൽ മാനദണ്ഡങ്ങളും ക്ലേശഘടകങ്ങളും രേഖകളുടെ അടിസ്ഥാനത്തിലും നിർവ്വഹണ ഉദ്യോഗസ്ഥന്റെ നേരിട്ടുള്ള പരിശോധനയ്ക്കും ശേഷമാണ് ഗുണഭോക്താക്കളുടെ വിവരങ്ങൾ ഇതിനായി തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ് വെയറിൽ പട്ടികയായി അപ് ലോഡ് ചെയ്യുന്നത്. ഇത്തരത്തിൽ Software based ആയി പട്ടികപ്പെടുത്തുന്നതിനാൽ അനർഹർ ഒഴിവാക്കപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ലൈഫ് മിഷൻ പദ്ധതികളുടെ പ്രവർത്തന പുരോഗതി

ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി വിവിധ ഘട്ടങ്ങളായിട്ടാണ് നടപ്പിലാക്കിവരുന്നത്.

1. ഒന്നാംഘട്ടം - 2016 മാർച്ച് 31-ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ഇതര വകുപ്പുകളുമായോ കരാറിലേർപ്പെട്ട് ഭവന നിർമ്മാണം ആരംഭിക്കുകയും എന്നാൽ വിവിധ കാരണങ്ങളാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ പൂർത്തീകരണം.

2. രണ്ടാംഘട്ടം - ഭവന രഹിതരിൽ സ്വന്തമായി ഭൂമിയുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും 4 ലക്ഷംരൂപ ധനസഹായം നൽകി പുതിയ ഭവനങ്ങളുടെ നിർമ്മാണം

3. മൂന്നാംഘട്ടം - ഭൂരഹിത ഭവനരഹിതരായ എല്ലാ അർഹരായ ഗുണഭോക്താക്കൾക്കും ഭവനസമുച്ചയങ്ങൾ വഴി ഭവനങ്ങൾ നൽകുകയും കൂടാതെ, ഉപജീവന / സാമൂഹിക സുരക്ഷ ലഭ്യമാക്കുകയും ചെയ്യുക.

4. നാലാംഘട്ടം - വാസയോഗ്യമല്ലാത്ത വീടുകളുള്ള അർഹരായ ഗുണഭോക്താക്കളുടെ വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് ധനസഹായം നൽകി വാസയോഗ്യമാക്കൽ.

### ഒന്നാംഘട്ടം : പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം

2016 മാർച്ച് 31-ന് മുമ്പ് സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെ ഭവന നിർമ്മാണം ആരംഭിക്കുകയും എന്നാൽ വിവിധ കാരണങ്ങളാൽ നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകളാണ് ഒന്നാംഘട്ടത്തിൽ പരിഗണിച്ചത്.

665.58 കോടി രൂപ ചെലവഴിച്ച് 51831 (95.52%) വീടുകൾ ഇതിനോടകം പൂർത്തീകരിച്ചു കഴിഞ്ഞു. (ത.സ്വ.ഭ സ്ഥാപന വിഹിതമായി 560.58 കോടി രൂപയും സംസ്ഥാന വിഹിതമായി 105 കോടി രൂപയും) ഇനി പൂർത്തീകരിക്കാനായി ബാക്കിയുള്ളവ (2429) നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

## രണ്ടാംഘട്ടം : ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം

ലൈഫ് മിഷൻ രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന് നാല് ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. ഇതിൽ 80,000/- രൂപ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവും 1,00,000/- രൂപ സംസ്ഥാന വിഹിതവും 2,20,000/- ഹഡ്കോ മുഖേനയുള്ള ലോൺ വിഹിതവുമാണ്. പദ്ധതി നിർവ്വഹണത്തിനായി നാളിതുവരെ 2757.90 കോടി രൂപ ചെലവഴിച്ചിട്ടു ണ്ട്. സർവ്വേയിലൂടെ കണ്ടെത്തി രേഖാ പരിശോധനയിലൂടെ അർഹരായ 97312 ഗുണഭോക്താക്കളിൽ 89634 പേർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് 48759 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടു ണ്ട്.

### എ) ലൈഫ് - പി.എം.എ.വൈ (അർബൻ)

അർഹരായ 88672 ഗുണഭോക്താക്കളിൽ 74999 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിച്ച് 26015 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടു ണ്ട്. 2005.84 കോടി രൂപ (ഗുണഭോക്താവിന് 1.5 ലക്ഷം രൂപ കേന്ദ്ര സർക്കാർ ധനസഹായത്തോടുകൂടി) ഇതിനോടകം ധനസഹായമായി ചെലവഴിച്ചി ട്ടുണ്ട്

### ബി) ലൈഫ് - പി.എം.എ.വൈ (റൂറൽ)

അർഹരായ 17276 ഗുണഭോക്താക്കളിൽ 16229 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## മൂന്നാംഘട്ടം : ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം

ലൈഫ് മിഷൻ മൂന്നാംഘട്ടത്തിൽ സർവ്വേയിലൂടെ ഭൂരഹിത ഭവനരഹിരതായി 337416 കുടുംബങ്ങളെയാണ് ക ണ്ടെത്തിയിട്ടുള്ളത്. ഇവരിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖയും (ത.സ്വ.ഭ വകുപ്പിന്റെ 16.07.2019 ലെ സ.ഉ (കൈ) നം.92/2019-ാം നമ്പർ) പുനരധിവസിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതിയും (ത.സ്വ.ഭ വകുപ്പിന്റെ 18.07.2019 ലെ സ.ഉ (എം.എസ്) നം. 93/2019 നമ്പർ സർക്കാർ ഉത്തരവ്) സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടു ണ്ട്

തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ രേഖാപരിശോധനകൾ നടന്നുവരികയാണ്.

**ഭവന സമുച്ചയങ്ങൾ**

ഭൂരഹിത ഭവനരഹിതർക്ക് 2020 ഒക്ടോബറോടുകൂടി സംസ്ഥാനത്ത് 85 ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുവാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്.

എല്ലാ ജില്ലകളിലും ലൈഫ് മിഷന്റെ നേതൃത്വത്തിൽ പൈലറ്റായി നിർമ്മിക്കുന്ന 14 ഭവനസമുച്ചയങ്ങൾക്കും, 2 സുനാമി ഫ്ളാറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഭരണാനുമതി ലഭ്യമായിട്ടു ണ്ട്. ഇതിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ലൈഫ് മിഷന്റെ സഹായത്തോടുകൂടി ബനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ (ബി.എൽ.സി മാതൃകയിൽ ഭവന സമുച്ചയ നിർമ്മാണം ഇതിനോടകം ആരംഭിച്ചിട്ടു ണ്ട്. എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ വരുന്ന രാമേശ്വരം വില്ലേജിൽ ലൈഫ് മിഷന്റെ സഹായത്തോടുകൂടി ഭവനസമുച്ചയം - (ജിപ്സം ഫൈബർ (ജി.എഫ്.ആർ.ജി ടെക്നോളജി) സാങ്കേതിക വിദ്യ ഉപയോഗിച്ച്) നിർമ്മിക്കുന്നതിന് സാങ്കേതിക അനുമതി ലഭിച്ചാലുടൻ നിർമ്മാണം ആരംഭിക്കുന്നതാണ്. തൃശ്ശൂർ ജില്ലയിൽ റെഡ് ക്രസന്റിന്റെ സഹായത്തോടുകൂടി (സ്പോൺസർഷിപ്പ്) വടക്കാഞ്ചേരി നഗരസഭയിൽ 140 അപ്പാർട്ടുമെന്റുകളടങ്ങിയ ഭവനസമുച്ചയ നിർമ്മാണം ആരംഭിച്ചിട്ടു ണ്ട്. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വരുന്ന കരിമഠം കോളനിയിൽ നിലവിൽ കോർപ്പറേഷൻ നിർമ്മിച്ചുനൽകിയിട്ടുള്ള മാതൃകയിൽ ഒരു ഭവനസമുച്ചയം ലൈഫ് മിഷൻ സഹായത്തോടുകൂടി നിർമ്മിച്ചു നൽകുന്നതിനുള്ള പ്രാരംഭനടപടിയിലാണ്. ബാക്കിയുള്ള 10 ജില്ലകളെ മൂന്ന് റീജിയണുകളായി തരംതിരിച്ച് (കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് (റീജിയൺ 1), പാലക്കാട്, ഇടുക്കി, കോട്ടയം (റീജിയൺ 2), ആലപ്പുഴ, പത്തനംതിട്ട, കൊല്ലം (റീജിയൺ 3)) ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനായി പ്രീഫാബ് (Light Gauge Steel Frame Plus Pre Engineered Building) സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഇതിനുപുറമെ പൈലറ്റായി ഒരു ഭവനസമുച്ചയം ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ ഗുണഭോക്താക്കൾക്ക് കൈമാറി യിട്ടുണ്ട്.

സഹകരണവകുപ്പിന്റെ കെയർഹോം പദ്ധതിയിലൂടെയും 14 ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടിട്ടു ണ്ട്. ടി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ക ണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളുടെ പരിശോധനകൾ നടന്നുവരികയാണ്.

ഇതിനു പുറമെ കണ്ടെത്തിയ 56 സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള 36 ഹൗസിംഗ് പ്ലോട്ടുകൾ, ലൈഫ് മിഷൻ 3-ാംഘട്ട പദ്ധതിയുടെ ഭാഗമായി ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് അനുവദിക്കുന്നതിനായുള്ള 85 ഹൗസിംഗ് കോംപ്ലക്സുകളുടെ നിർമ്മാണത്തിനായി അനുവദിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ (CR Narayana Rao Consultans Pvt. Ltd., Chennai) ടെ ണ്ടർ മുഖേന തെരഞ്ഞെടുത്തിട്ടു ണ്ട്. നാളിതുവരെ 34 സ്ഥലങ്ങൾ പി.എം.സിക്ക് കൈമാറിയതിൽ 29 സ്ഥലങ്ങളിൽ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മിക്കുവാനുദ്ദേശിക്കുന്ന 85 ഭവനസമുച്ചയങ്ങളും ഈ സാമ്പത്തിക വർഷം തന്നെ നിർമ്മാണം തുടങ്ങുന്നതിനും 2020 ഒക്ടോബർ 31-ഓടുകൂടി നിർമ്മാണംപൂർത്തീകരിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ